## 546

പോകുന്നു ഞാനിന്ന് യേശുവിന്നായ്
പോകുന്നു ക്രൂശിന്റെ പോരാളിയായ്

1 നിന്ദകൾ പീഡകൾ വേദനവേളകൾ
വന്നാലും ക്ഷീണനായ് തീരാതെ പാരിൽ-

2 വിളിച്ചവൻ വിശ്വസ്തൻ മാറാത്ത വല്ലഭൻ
വിശ്വാസനായകൻ യേശുവെ നോക്കി ഞാൻ-

3 ആകലനേരത്തിൽ ആവശ്യഭാരത്തിൽ
ആശ്വാസദായകനാണെന്റെ നായകൻ-

4 വേണ്ടെനിക്കീലോകമഹിമകളൊന്നുമേ
വേണ്ടതെല്ലാമീ ക്രിസ്തുവിലെന്നുമേ-

5 ഒട്ടും പിൻമാറാതെ ഓട്ടം ഞാനോടിടും
ഒടുവിലെൻ വീട്ടിൽ ഞാൻ വിശ്രമം നേടിടും- **C.J.**